കുമാരനാശാൻ

# പ്രരോദനം

(മലയാളം: കവിത)

2013
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Prarodanam**
Malayalam poetry
by **Kumaran Asan**
First published: 1911

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . . . . . . . . iii
കുമാരനാശാൻ . . . . . . . . . . v
സമർപ്പണം . . . . . . . . . . 1
പ്രരോദനം . . . . . . . . . . 3

## കുമാരനാശാൻ

മഹാകവി കുമാരനാശാൻ എന്നറിയപ്പെടുന്ന എൻ. കുമാരന് (1873–1924) മഹാക വി പട്ടം സമ്മാനിച്ചത് മദിരാശി സർവ്വകലാശാലയാണ്, 1922–ൽ. വിദ്വാൻ, ഗുരു എന്നൊക്കെ അർത്ഥം വരുന്ന ആശാൻ എന്ന സ്ഥാനപ്പേര് സമൂഹം നൽകിയതാണ്. അദ്ദേഹം ഒരു തത്വചിന്തകനും സാമൂഹ്യപരിഷ്കർത്താവും എന്നതിനൊപ്പം ശ്രീ നാരാ യണ ഗുരുവിന്റെ ശിഷ്യനുമായിരുന്നു. മഹാകാവ്യമെഴുതാതെ മഹാകവിയായ ഉന്നത നായ കവിയുമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മലയാള കവിതയിൽ ഭാവാത്മകതയ്ക്ക് ഊ ന്നൽ കൊടുത്തുകൊണ്ട് അതിഭൗതികതയിൽ ഭ്രമിച്ച് മയങ്ങി കിടന്ന കവിതയെ ഗുണ കരമായ നവോത്ഥാനത്തിലേക്ക് നയിച്ചയാളാണ് കുമാരനാശാൻ. ധാർമികതയോടും ആത്മീയതയോടുമുള്ള തീവ്രമായ പ്രതിബദ്ധത ആശാൻ കവിതകളിൽ അങ്ങോളമിങ്ങോ ളം കാണാവുന്നതാണ്. അദ്ദേഹത്തിന്റെ മിക്കകൃതികളും നീണ്ട കഥാകഥനത്തിനു പകരം വ്യക്തി ജീവിതത്തിലെ നിർണ്ണായക മുഹൂർത്തങ്ങളെ അടർത്തിയെടുത്ത് അസാമാന്യ മായ കാവ്യ സാന്ദ്രതയോടും ഭാവതീവ്രതയോടും കൂടി അവതരിപ്പിക്കുന്ന രീതിയാണ് അവലംബിച്ചത്.




തിരുവനന്തപുരത്തിന് വടക്കുള്ള ചിറയിൻകീഴ് താലൂക്കിൽ കായിക്കര ഗ്രാമത്തിൽ ഒരു വണിക കുടുംബത്തിലാണ് ആശാൻ 1873 ഏപ്രിൽ 12–ന് ജനിച്ചത്. അച്ഛൻ പെരുങ്ങുടി നാരായണൻ, അമ്മ കാളി. കുമാ രൻ ഒൻപത് കുട്ടികളിൽ രണ്ടാമനായിരുന്നു. അച്ഛൻ തമിഴ് മലയാള ഭാ ഷകളിൽ വിശാരദനായിരുന്നു, കൂടാതെ കഥകളിയിലും ശാസ്ത്രീയ സം ഗീതത്തിലും അതീവ തൽപ്പരനുമായിരുന്നു. ഈ താൽപ്പര്യങ്ങൾ കുട്ടി യായ കുമാരനും പാരമ്പര്യമായി കിട്ടിയിരുന്നു. കുമാരന്റെ താൽപ്പര്യം പരിഗണിച്ച് സംസ്കൃതത്തിലും ഗണിതത്തിലും പരിശീലനം നൽകി. അച്ഛന്റെ ശ്രമഫലമാ യി അദ്ധ്യാപകനായിട്ടും കണക്കെഴുത്തുകാരനായിട്ടും മറ്റും ചെറുപ്രായത്തിൽ തന്നെ ജോ ലി നേടിയെങ്കിലും, രണ്ടു കൊല്ലങ്ങൾക്കു ശേഷം, സംസ്കൃതത്തിലെ ഉപരി പഠനത്തിനാ

യി ജോലി ഉപേക്ഷിച്ച് മണമ്പൂർ ഗോവിന്ദനാശാന്റെ കീഴിൽ കാവ്യം പഠിക്കാൻ ശിഷ്യത്വം സ്വീകരിച്ചു. അതോടൊപ്പം യോഗ–തന്ത്ര വിദ്യകൾ ശീലിക്കാൻ വക്കം മുരുകക്ഷേത്രത്തിൽ അപ്രന്റീസായിട്ടും ചേർന്നു. ഈ കാലത്താണ് കുമാരൻ ആദ്യമായി കവിതാരചനയിൽ താൽപ്പര്യം കാട്ടിത്തുടങ്ങിയത്. ഏതാനും സ്തോത്രങ്ങൾ ഇക്കാലത്ത് ക്ഷേത്രത്തിൽ വന്നിരുന്ന ആരാധകരുടെ താൽപ്പര്യപ്രകാരം എഴുതുകയുണ്ടായി.

1917–ൽ തച്ചക്കുടി കുമാരന്റെ മകളായ ഭാനുമതി അമ്മയെ ആശാൻ വിവാഹം കഴിച്ചു. സജീവ സാമൂഹ്യപ്രവർത്തകയായ ഭാനുമതി അമ്മ, 1924–ൽ സംഭവിച്ച ആശാന്റെ അപകടമരണത്തിനു ശേഷം പുനർവിവാഹം ചെയ്യുകയുണ്ടായി. 1975-ലാണ് ഭാനുമതി അമ്മ മരണമടഞ്ഞത്.

കുമാരന്റെ ആദ്യകാലജീവിതത്തിൽ ശാരീരികാസ്വാസ്ഥ്യങ്ങളുടെ വേലിയേറ്റമായിരുന്നു. കുമാരന്റെ പതിനെട്ടാം വയസ്സിൽ നാരായണ ഗുരു ഒരിക്കൽ അദ്ദേഹത്തിന്റെ വീട് സന്ദർശിച്ചപ്പോൾ, കുമാരൻ അസുഖം മൂലം ശയ്യാവലംബിയായിരുന്നു. അതു കണ്ട ഗുരു, കുമാരൻ തന്നോടൊപ്പം കഴിയട്ടെ എന്ന് നിർദ്ദേശിച്ചു. അങ്ങിനെയാണ് കുമാരൻ ഗുരുവിനോടൊപ്പം കൂടുകയും ജീവിതത്തിൽ ഒരു പുതിയ ഘട്ടത്തിന് തുടക്കം കുറിക്കുകയും ചെയ്യുന്നത്.

കുമാരന്റെയും ഗുരുവിന്റെയും സംയോഗത്തിന് നരേന്ദ്രന്റെയും പരമഹംസന്റെയും കണ്ടുമുട്ടലുമായി സമാനതകളേറെയാണ്, ഒരു വ്യത്യാസമൊഴികെ. നരേന്ദ്രൻ പൂർണ്ണസന്യാസം സ്വീകരിച്ചപ്പോൾ, കുമാരൻ അതിനു തയ്യാറായില്ല, പ്രത്യുത ഗുരുവിന്റെ ഒരു പ്രധാനശിഷ്യനായി തുടരവെ തന്നെ കാവ്യ–സാഹിതീ സപര്യകളിലും സാമൂഹ്യനവോത്ഥാന പ്രവർത്തനങ്ങളിലും അതേ തീക്ഷ്ണതയോടെ ഏർപ്പെട്ടുകയായിരുന്നു.



ആശാന്റെ കൈയക്ഷരം (കടപ്പാട്: വിക്കിപ്പീഡിയ)

ഗുരുവിന്റെ നിർദ്ദേശാനുസരണം, 1895–ൽ സംസ്കൃതത്തിൽ ഉപരി പഠനത്തിനായി കുമാരനെ ബാംഗ്ലൂർക്ക് നിയോഗിച്ചു. തർക്കം ഐച്ഛികമായെടുത്ത് പഠിച്ചുവെങ്കിലും അവസാന പരീക്ഷയെഴുതുവാൻ കഴിയാതെ മദിരാശിക്കു മടങ്ങി. ഒരു ചെറു ഇടവേളക്കു ശേഷം കൽക്കട്ടയിൽ വീണ്ടും സംസ്കൃതത്തിൽ ഉപരി പഠനത്തിനു പോവുകയുണ്ടായി. ഇവിടെവെച്ച് കാവ്യസാധന തുടരുവാൻ അന്ന് സംസ്കൃതാദ്ധ്യാപകനായിരുന്ന മഹാമഹോപാദ്ധ്യായ കാമഖ്യനാഥ് പ്രോൽസാഹിപ്പിക്കുകയും ഒരുനാൾ കുമാരൻ ഒരു മഹാകവി ആയിത്തീരുമെന്ന് പ്രവചിക്കുകയും ചെയ്യുകയുണ്ടായി.

ആശാന്റെ ആദ്യകാല കവിതകളായ “സുബ്രഹ്മണ്യശതകം”, “ശങ്കരശതകം” തുടങ്ങിയവ ഭക്തിരസ പ്രധാനങ്ങളായിരുന്നു. പക്ഷെ കാവ്യസരണിയിൽ പുതിയ പാത വെട്ടിത്തെളിച്ചത് “വീണപൂവ്” എന്ന ചെറു കാവ്യമായിരുന്നു. പാലക്കാട്ടിലെ ജയിൻമേട് എന്ന സ്ഥലത്ത് തങ്ങവെ, 1907–ൽ രചിച്ച അത്യന്തം ദാർശനികമായ ഒരു കവിതയാണ് വീണപൂവ്. നൈരന്തര്യസ്വഭാവമില്ലാത്ത പ്രാപഞ്ചിക ജീവിതത്തെ ഒരു പൂവിന്റെ ജീവിതചക്രത്തിലെ വിവിധ ഘട്ടങ്ങളിലൂടെ ചിത്രീകരിക്കുന്ന അന്തരാർത്ഥങ്ങളടങ്ങിയ ഒന്നാ

ണിത്. പൂത്തുലഞ്ഞു നിന്നപ്പോൾ പൂവിന് കിട്ടിയ പരിഗണനയും പ്രാധാന്യവും വളരെ സൂക്ഷ്മതലത്തിൽ വിവരിക്കവെ തന്നെ, ഉണങ്ങി വീണു കിടക്കുന്ന പൂവിന്റെ ഇന്നത്തെ അവസ്ഥയും താരതമ്യപ്പെടുത്തപ്പെടുന്നു. ഈ സിംബലിസം അന്നു വരെ മലയാള കവിത കണ്ടിട്ടില്ലാത്തതാണ്. അടുത്തതായിറങ്ങിയ "പ്രരോദനം" സമകാലീനനും സുഹൃത്തുമായ ഏ.ആർ. രാജരാജവർമ്മയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടെഴുതിയ വിലാപകാവ്യമായിരുന്നു. പിന്നീട് പുറത്തുവന്ന ഖണ്ഡകാവ്യങ്ങളായ "നളിനി", "ലീല", "കരുണ", "ചണ്ഡാലഭിക്ഷുകി", എന്നിവ നിരൂപകരുടെ മുക്തകണ്ഠം പ്രശംസയ്ക്കും അതുമൂലം അസാധാരണ പ്രസിദ്ധിക്കും കാരണമായി. "ചിന്താവിഷ്ടയായ സീത"യിലാണ് ആശാന്റെ രചനാനൈപുണ്യവും ഭാവാത്മകതയും അതിന്റെ പാരമ്യതയിലെത്തുന്നത്. "ദുരവസ്ഥ"യിൽ അദ്ദേഹം ഫ്യൂഡലിസത്തിന്റെയും ജാതിയുടെയും അതിർവരമ്പുകളെ കീറിമുറിച്ചു കളയുന്നു. "ബുദ്ധചരിതം" ആണ് ആശാൻ രചിച്ച ഏറ്റവും നീളം കൂടിയ കാവ്യം. എഡ്വിൻ അർനോൾഡ് എന്ന ഇംഗ്ലീഷ് കവി രചിച്ച "ലൈറ്റ് ഓഫ് ഏഷ്യ" എന്ന കാവ്യത്തെ ഉപജീവിച്ച് എഴുതിയ ഒന്നാണിത്. പിൽക്കാലങ്ങളിൽ ആശാന് ബുദ്ധമതത്തോട് ഒരു ചായ്‌വുണ്ടായിരുന്നു.

കുമാരനാശാന്റെ അന്ത്യം ദാരുണമായിരുന്നു. 1924–ൽ കൊല്ലത്ത് നിന്നും ആലപ്പുഴയ്ക്ക് ബോട്ടിൽ യാത്ര ചെയ്യവെ പല്ലനയാറ്റിൽ വെച്ചുണ്ടായ ബോട്ടപകടത്തിൽ ഒരു വൈദികനൊഴികെ ബോട്ടിലുണ്ടായിരുന്ന എല്ലാ യാത്രക്കാരും മുങ്ങി മരിക്കുകയുണ്ടായി, അതിൽ കുമാരനാശാന്റെ മരണവും സംഭവിച്ചു.

(വിക്കിപ്പീഡിയയിൽ നിന്ന് സ്വതന്ത്രമായി ആശയാനുവാദം ചെയ്തത്)

## സമർപ്പണം

സ്മരാമി രാജരാജസ്യ
തൈർഗ്ഗുണൈർമഹത:കവേ:
ചേതസാ ഭൃശദു:ഖേന
സ്വർഗ്ഗപ്രതിനവാതിഥേ
ഇദം സുധായേത വചോദ്യ യസ്യ മേ
സ്രുതാശ്രുതിക്താക്ഷരമാത്മസംശ്രയത്
ഇതി സ്വയം തല്പദ ഏവ ചാർപ്പിതാം
കൃതാർത്ഥയിഷ്യാമി കൃതിം നവാമിമാം
സൗഹാർദ്ദാദിതരേതരവ്യതികര-
സ്സമ്പദ്യതേ ദേഹിനാം
യൽ കേനാപി ച സന്നികർഷയതി യം
സാ തസ്യ സംബന്ധിതാ,
മിത്രം വാ കൃപണം ജനോയമഥവാ
ശിഷ്യോ ഭവദ്ഗൗരവാ-
ദ്ദത്തേ ത്വദ്വിരഹപ്രവർത്തിനമിമം
തേ ദേവ, ബാഷ്പാജ്ഞലിം

# പ്രരോദനം

1

മൂട്ടും കാർമുകിലാലകാലതിമിരം
വ്യാപിച്ചു മായുന്നിതാ
കാടും കായലുമിക്കടൽത്തിരകളും
സഹ്യാദ്രിക്കൂടങ്ങളും;
ചൂടേറ്റുള്ളമെരിഞ്ഞെഴുന്ന പുക ചൂഴ്-
ന്നിമ്മട്ടു വൻവൃഷ്ടിയാൽ
പാടേ കേരള ഭൂമി കേണു ഭുവനം
കണ്ണീരിൽ മുക്കുന്നിതേ.

2

നീരാളും ഘനവേണിവായ്പുരസിജ-
ക്കുന്നോടടിഞ്ഞശ്രുവിൻ-
ധാരാപോതമിടഞ്ഞു നാവിസരസീ-
ക്കൂലം കവിഞ്ഞോലവേ;
കേരോദഞ്ചിതപാണിയിദ്ധര, കരി-
ങ്കല്ലും ദ്രവിച്ചീടുമാ-
റോരോന്നിച്ചരമാർണ്ണവാനിലരവം
കൂട്ടിപ്പുലമ്പുന്നിതേ

3

സ്പഷ്ടം പാവനഗാത്രിയിജ്ജനനിയാൾ-
ക്കിന്നോർക്കിലേതോ മഹാ-
ദിഷ്ടക്കേടു പിണഞ്ഞിരിക്കണമതേ-
കില്ലേതുമില്ലായതിൽ;

ക്ലിഷ്ടശ്രേയീവൾ മുമ്പിലായ് വെറുനില-
        ത്തയ്യോ കിടക്കുന്നിതാ!
കഷ്ടം! "കൈരളി" കണ്ണു പൂട്ടി വിളറി-
        ക്കാൽനീട്ടി നിശ്ചേഷ്ടയായ്.

4

ഹാ! വേഗം സ്ഫുടമാക്കിടുന്നു കഥ, നീ-
        താങ്ങുന്നതും പുത്രിയെ-
ബ്ഭ്രവേ, കയ്യുയർത്തി വിണ്ണിലുടനേ-
        ലക്ഷ്യം കുറിക്കുന്നതും;
പൂവേലും പല പൊയ്കയും പുഴകളും
        തോട്ടങ്ങളും പൂണ്ടെഴും
        "മാവേലിക്കര"യെത്തിരിഞ്ഞു നെടുവീർ-
        പ്പിട്ടിട്ടു നോക്കുന്നതും.

5

വ്യോമത്തിൻ മലിനത്വമേറ്റിയവിടെ-
        പ്പൊങ്ങുന്നതെന്തോ മഹാ-
ഭീമത്വം കലരുന്ന കാലഫണിതൻ
        ജിഹ്വാഞ്ചലംപോലവേ,
ശ്രീമദ്ഭാസുര"ശാരദാലയ"മഹാ-
        ദീപം കലാശിച്ചെഴും
ധൂമത്തിൻ നികരുംബമല്ലി? - വസുധേ,
        കേണിട്ടു കേണിട്ടു നീ!

6

ആഹന്ത! പ്രിയപുത്ര യാത്രയിതു ക-
        ണ്ടിക്കൈരളിത്തയ്യലാൾ
ദേഹധ്വംസമെഴാത്ത തൻ ഹൃദയസം-
        വേഗം സഹിച്ചില്ലഹോ;
സ്നേഹത്തിൻ ഗരിമാവുകൊണ്ടധികമാ-
        മശ്ശോകഭാരത്തിനാൽ
മോഹത്തിന്റെയഗാധമാം തലമണ-
        ഞ്ഞിട്ടുണ്ടു തച്ചേതന.

7

"വത്സാ! മല്പ്രിയരാജരാജ! വിരവോ-

ടെന്തിന്നു വിണ്ണേറുവാ-
നുത്സാഹിച്ചതു? ചൊൽക, നീ കനിവൊടെ-
ന്തോർക്കാഞ്ഞതീ ഞങ്ങളെ?
സത്സാഹിത്യവിധിജ്ഞയാം പ്രിയസുതേ!
മാഴ്കായ്ക, -അല്ലെങ്കിലി-
ക്കുത്സാർഹാമരഭാവയാമിവളെയും,
മൂർച്ഛേ തുണച്ചീടുക."

8

ഈവണ്ണം പലതോതി, യാധിശിഖിയാ-
ലുൾക്കാമ്പു കത്തി, ഗ്ഗള-
വ്യാവല്ഗത്സ്വരയായ് സ്വയം ധര കര-
ഞ്ഞീടുന്നു നിസ്സംശയം;
ദേവപ്രജ്ഞയണക്ഷയത്തിലുലകിൻ-
വൈകല്യമോരും, മഹാ-
ഭാവങ്ങൾക്കുളവാം വിപത്തുകൾ പരം
പ്രക്ഷേഭഹേതുക്കൾതാൻ.

9

സത്യം, സ്യന്ദനചക്രമെഘലനപഥം
മർദ്ദിച്ചു തീപാറുമാ-
റത്യന്തം ജവമോറ്റമർത്ത്യരിവിടെ-
ക്കൂടുന്നു ഗാഢാർത്തരായ്;
പ്രത്യക്ഷം സ്തനിതക്ഷണപ്രഭകളാ-
ലിന്നായതീ വേഴ്ചയാൽ
നിത്യം മണ്ണൊടു വിണ്ണിനുള്ള ഭഗിനീ-
സൗഹാർദ്ദവും സ്പഷ്ടമായ്.

10

പാരം പങ്കിലമായി വീർത്തു ജഡമാം
ഭ്രൂവിന്മുഖം ഖിന്നയായ്
ചാരത്താഞ്ഞു മുകർന്നിടുന്നു നിഭൃതം
ദ്യോവിദ്ദിഗന്തങ്ങളിൽ;
ദൂരത്തിപ്പൊഴുമേറ്റവും മുകളിലാ-
യങ്ങങ്ങു കേൾക്കുന്നൊരി-
സ്സാരംഗധ്വനിയാലുടൻ കരകയും
ചെയ്യുന്നിതയ്യോയിവൾ!

11

നക്തം നിർഭരമാം തമസ്സിൽ വിലസും
ഖദ്യോതജാലങ്ങൾപോൽ
വ്യക്തസ്ഫൂർത്തികലർന്നുയർന്ന പുകയിൽ
പാറും സ്ഫുലിംഗങ്ങളാൽ;
ഉക്തവ്യഗ്രതയോടുമൂർദ്ധ്വമുഖരാ-
മദ്ദേവർ തിങ്ങി ദ്രുതം
രിക്തത്വം വെടിയുന്നു താഴെ നരർ കേ-
ണീടും ശ്മശാനാഭ്രവും.

12

അന്നെട്ടിച്ചരിവിങ്കൽ നഗഫണധ-
മ്മില്ലങ്ങൾ ചിന്നീടുവോർ,
ചെന്നെല്ലിങ്കതിരൊത്ത കേരമലരിൻ-
മാല്യങ്ങൾ പൂണ്ടുള്ളവർ;
ഇന്നെണ്ണാം നവതാളപത്രഹരിത-
ച്ഛത്രങ്ങളേന്തി ദ്രുതം
വന്നെത്തുന്നിതു ദേവിമാർ സഹജമാം
സാമ്യംപെടും മൂന്നുപേർ.

13

വന്നാരാൽ നിജവൈനതേയഹയമാം
തേർവിട്ടിറങ്ങി ദ്രുതം
ചെന്നാഹന്ത! ചിതാന്തികത്തിലുടനേ
ധൈര്യം കലാശിക്കയാൽ;
നിന്നാപാണ്ഡുരപുണ്ഡരീകമുകുളശ്രീ-
ഹസ്തശംഖത്തിനാ-
ലൊന്നാമത്തവളാനതാസ്യകമലം
ഛാദിച്ചു രോദിക്കയായ്.

14

ശിഷ്ടന്മാർ പല പൂർവ്വവല്ലഭരെ നീ
സേവിച്ചു വിദ്വൽ പ്രിയേ!
പുഷ്ടശ്രീഗുണഭൂമി 'മൂലനൃവരൻ'
വാഴുന്നുമുണ്ടെങ്കിലും;
നഷ്ടപ്പെട്ടൊരു ബന്ധുരത്ന, മിതുപോൽ

സുരീന്ദ്രരില്ലുഴിയിൽ
കഷ്ടം, ഹാ! പ്രിയവഞ്ചിലക്ഷ്മി, മിഴിനീർ
വാർക്കാൻ മടിക്കേണ്ട നീ.

15
പല്ലക്കേറി മനോജ്ഞമംഗളവിള-
ക്കേന്തിശ്മശാനത്തിൽ വ-
ന്നല്ലൽപ്പാടൊടിറങ്ങി നോക്കി നടുവേ-
നിന്നന്യ കേഴുന്നഹോ!
ഫുല്ലശ്രീ ഹരികേതു പാറിയ രഥം-
വിട്ടെത്തി ദൂരത്തുപോയ്
തെല്ലന്തർഗ്ഗതമാർന്നുനിന്നു വിലപി-
ച്ചീടുന്നു മൂന്നാമവൾ.

16
അത്യാരൂഢവിപത്തിതെ, ങ്ങനെയിവർ-
ക്കുൽത്താപമാറും? സ്വതേ
വ്യത്യാസംകലരാത്തൊരിബ്ഭഗിനിമാർ
പണ്ടേ പിരിഞ്ഞാകിലും;
നിത്യാപത്യമിവർക്കു "കൈരളി"യൊരാൾ;
കഷ്ടം! തദീയാത്മജൻ
പ്രത്യാശാസ്പദതന്തു, ബന്ധനമിതി-
ന്നിന്നറ്റു തെട്ടെന്നതും!

17
നിന്നാമട്ടവരൊട്ടുടൻ കടലിനെ-
ക്കാർകൊണ്ടലിൻശ്രേണിപോ-
ലിന്നാകായലിനെ സ്ഫുടം പുഴകൾപോൽ
കണ്ടാർത്തയാം ഭൂമിയെ;
ചെന്നാലോലദൃംഗംബു വാർത്തു തഴുകി-
ത്തേങ്ങിക്കരഞ്ഞോർ, കലർ-
ന്നൊന്നായരിവർ;-കുറ്റകാരെ-
യൊരുമിപ്പിപ്പു കുടുംബാധികൾ.

18
ഉത്താളദ്രുമരാജി ചൂഴുമിരുളി-
ക്കാറ്റിൽ ചലിക്കുന്നതി-

ന്നൊത്തോരോ ഘനപാളി നീങ്ങി-
        യിടളുർന്നീടും നഭോവീഥിയിൽ;
ഹൃത്താരിൽ ഭയമേകുമാറുരു കരും-
        ഭൂതങ്ങൾ തിങ്ങുന്നതാൻ
ചത്തോരിബ്ബുധവാസരത്തിനുടലൊ-
        ത്താ പാണ്ഡുവാം രാവിതിൽ.

19

നേരാണിങ്ങിതു "പർപ്പ്"വംശപരദൈ-
        വങ്ങൾക്കു മുമ്പേ പരം
ഘോരാഡംബരമോടകമ്പടിനട-
        ന്നെത്തുന്ന പട്ടാളമാം;
ധാരാലദ്യുതിയാർന്നു കാണ്മു, വഴിയേ
        ഖദ്യോതവൃന്ദങ്ങളിൽ
ധാരാവൃഷ്ടിയിൽതിൽ കെടാത്തൊരെഴുനെ-
        ള്ളത്തിൻ വിളക്കെങ്ങുമേ.

20

കൂവിടുന്ന കുറുക്കനും നിലവിളി
        ച്ചീടുന്ന ഭേകങ്ങളും
ചീവീടും കരയുന്നു ക്രമനമിതാ
        കേഴുന്നിളുഴങ്ങളിൽ;
ആവിശ്ശോകമൊടിന്നിവറ്റകളിലാ-
        വേശിച്ച തദ്ദേവർതാൻ
വാവിട്ടാർത്തു പുലമ്പുകല്ലി? നിശതാൻ
        രോദിക്കുമാറുഗ്രമായ്.

21

മൂന്നാളിമ്മഹനീയമാം നൃപകുല-
        ത്തിങ്കൽ കലാജാതരായ്
പോന്നാർ "ബാഹട" "കാളിദാസ" "പണി-
        പുത്രി"ന്മാർ മഹാന്മാരിവർ;
ഇന്നാ ശാഖ വിടിർന്ന പൂക്കളിവ മൂ-
        ന്നും പോയ് മഹാശൂന്യമാ-
യൊന്നായമ്മലർവാടിയും പൃഥിവിയും
        നിഷ്ക്രാന്തസദ്ഗന്ധയായ്!

22

എന്നല്ലീയൊടുവിൽ സ്ഫുടിച്ച മലരിൻ-
        ലോകോത്തരാമോദമി-
ങ്ങന്നന്നേറുവതോർത്തതമ്മുടിയിലേ-
        ന്തും തൽകുലശ്രീയുമേ
ഇന്നപ്പൂവു കരിഞ്ഞകണ്ടഹഹ! തൻ-
        പുണ്യം പരിക്ഷീണമാ-
യെന്നഞ്ചുന്നിത; മർത്ത്യരിൽ പതനഭീ-
        യില്ലാതെയിലാരുമേ.

23

'ജീവേശ' 'പ്രിയതാത' ഇങ്ങനെയഹോ!
        സൗധസ്ഥരാം രാജ്ഞിമാ-
രാവേഗത്തൊടിതാ തുടർന്നു മുറയി-
        ട്ടീടുന്നു; തൽക്രന്ദനം
ജീവല്ലേത്ര "മഹാബലിക്ഷമ"വിഡം-
        ബിക്കുന്ന ദൂരത്തുനി-
ന്നാവർത്തിപ്പൊരതിന്റെ മാറ്റൊലികളാൽ
        കേഴുന്നു ദിശേവിമാർ!

24

സ്നേഹാർദ്രാശയ! വൈദുഷീജിതജഗ-
        ത്തായീറ്റുമങ്ങെയ്ക്കേഴും
മാഹാത്മ്യങ്ങളിൽ വിസ്മയിച്ചു കരയുന്നു
        ഹന്ത! മാദൃക്കുകൾ,
ദേഹാലംബനമാം ഭവല്പ്രണയിലോകം
        പിന്നെയെന്താം!-തടി-
ത്താഹാ! ചുട്ടു മഹാദ്രുമം; ലത നിലം-
        പറ്റീ, പ്രരോഹാകുല.

25

സ്പഷ്ടം ഭ്രമി മറയ്ക്കില്ലിന്ദു തെളിയും
        വീണ്ടും മുഹൂർത്തത്തില-
പ്പൃഷ്ടശ്രീരവി മൂടിയാലുമുയരും
        പക്ഷം കഴിഞ്ഞാൽ മതി;
ദുഷ്ടക്കാലമഹാഗ്രഹത്തിനിരയാ-,
        യീ 'രാജാരാജേ'ന്ദു! ഹാ!

കഷ്ടം 'രോഹിണി'യക്കലേശനെയിനി-
ക്കാണില്ല കേണാലുമേ.

26

ജീവച്ഛേദനമാകുമാധിപിടിപെ-
ട്ടാലും മനസ്വിവ്രജം
വൈവശ്യംകലരാതെ കൃത്യമതിയാൽ
വാഴാം കുറഞ്ഞോരുനാൾ
പൂവറ്റാലുമുടൻ കരിഞ്ഞിടുവതി-
ല്ലോരില്ല തീക്ഷ്ണക്ഷതം;
ഭാവത്തിൻ പരകോടിയിൽ സ്വയമഭാ-
വത്തിൻ സ്വഭാവം വരാം.

27

ആരാലെന്തു നിവൃത്തി?-ജീവിതരസം
കാംക്ഷിച്ചു മേന്മേലഹോ!
തീരാത്തോരതിതൃഷ്ണയാൽ രസന നീ-
ട്ടാൻ കഷ്ട!മിദ്ദേഹികൾ;
തോരാതുള്ളൊരു കണ്ണുനീരിലവരെ-
ച്ചുട്ടിട്ടു തല്ലാനയ-
സ്സാരാഢ്യൻ പറ്റുപശ്യതോഹരനവാ-
ര്യക്രൗര്യനെന്നും വിധി!

28

അന്തശ്ചന്ദ്രശാരദ്ഘനാഭ തടവി-
പ്പൊങ്ങി പ്രദീപാംശുവാൽ
പ്രാന്തസ്ഫൂർത്തി കലർന്ന മാളികയില-
ശ്ശയ്യാതലത്തിൽ ക്ഷണം;
സ്വന്തം ദീപ്തി നശിച്ചഹോ രജതപാത്രം-
പോൽ തണുത്തേറ്റവും
ശാന്തം ഹന്ത! ശയിച്ചിരുന്നു ശിവനേ!-
യബ്ഭാനുവിൻമണ്ഡലം

29

കായും ഹൃത്തൊടടുത്തു കേണരുളുവോർ
നേരെ ചിരിച്ചും, തിരി-
ഞ്ഞായുർജ്യോതിഷതത്ത്വവിദ്യകളെ

നോക്കിക്കൊഞ്ഞ്ണംകാട്ടിയും,
ഭീയും ദീനതയും മഹാവിരതിയും
നോട്ടങ്ങളാൽ ചേർത്തുമാ-
ശ്രീയുക്താവയവങ്ങൾ തോറുമൊരുപോൽ
കൂത്താടിയാർത്തു മൃതി!

30
ലോകത്തെജ്ജഡമാക്കി നിർഭരനിശീ-
ഥത്തിന്റെ സന്താനമാം
മൂകത്വത്തെ മുതിർന്നു തൻ മുലകുടി-
പ്പിക്കും മഹത്ത്വത്തൊടും,
ഹാ! കർണ്ണങ്ങളിലുഗ്രശംഖമുരജ-
ധ്വാനങ്ങളേൽക്കാതെയും
ഭ്രൂകമ്പക്കിലനങ്ങിടാതെയുമിതാ!
പൊങ്ങുന്നു നിശ്ശബ്ദത.

31
അമ്പേ! പിന്നതിശൂന്യമാമൊരു മര-
ത്തോട്ടത്തിലുൽക്രാന്തനാം
വമ്പേരാർന്ന സുധാമുഖാഹിപതി നിർ-
മ്മോചിച്ച ചട്ടയ്ക്കിതാ!
മുൻപേ പോയ 'മയൂരദൂത'കവി തൻ-
ശേഷിച്ച ഭസ്മങ്ങളി-
ന്നമ്പേലും കുശലങ്ങൾ ചൊൽവൂ, നിപുണ-
ശ്രോത്രങ്ങൾ കേൾക്കുമ്പടി!

32
"വന്നാലും വിധിയാൽ സ്വയം ത്വരിതമാ-
യെത്തും പ്രിയാകാരമേ-
യിന്നാളല്ലി, പിരിഞ്ഞു ഹന്ത, ചരമാ-
ശ്ലേഷം കഴിഞ്ഞിങ്ങു നാം!
ഒന്നാണിങ്ങെഴുമുഗ്രനാമനലഭൃ-
തത്തിൻ കരം തട്ടിയാൽ
വന്നാളും പരിണാമഭിന്നത പറ-
ഞ്ഞാലും ഭയം തോന്നുമേ!

33
മുക്കാലും പുകയായി ഞങ്ങൾ ചെളിയാ-

യൊട്ടൊട്ടുപൂൽക്കൂട്ടമാ-
യുൽക്കാചഞ്ചലമായ ജീവിതമതി-
ങ്ങോരോന്നു മാറുംവഴി,
ഇക്കാണും നറുതുമ്പയും മൃദുലമാ-
മിപ്പർപ്പടപ്പുല്ലുമാ
നിൽക്കാതുള്ളൊരവസ്ഥ കണ്ടു ചെറുപൂ-
ങ്കൊത്താൽ ചിരിക്കുന്നതാം.

34

വഞ്ചീശിത്രി പരേത 'ലക്ഷ്മി'യുടെ പൂ-
മെയ്ചേർന്നു രോമോദ്ഗമം
തഞ്ചീടും തിരുമേനിതന്നവയവ-
ക്ഷോദങ്ങളാം ഞങ്ങളെ,
മിഞ്ചീ പാവകനീവിധം; മനുജർതൻ
ഭാഗ്യങ്ങളെങ്ങോർക്കിലു-
ള്ളഞ്ചീടും ചിതയെങ്ങു? ഞങ്ങൾ വിരവിൽ-
ക്കണ്ടിങ്ങു രണ്ടും സ്വയം.

35

കഷ്ടം! സ്ഥാനവലിപ്പമോ പ്രഭുതയോ
സജ്ജാതിയോ വംശമോ
ദൃഷ്ടശ്രീ തനുധാടിയോ ചെറുതുമി-
ങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെ-
പ്പക്കസ്തമിക്കുന്നിതി-
ങ്ങിഷ്ടന്മാർ പിരിയുന്നു! ഹാ! -ഇവിടമാ-
ണദ്ധ്യാത്മവിദ്യാലയം!

36

ചോരച്ചെങ്കനൽ ചേർന്ന കൊള്ളിനിരപോൽ
പൂക്കും മുരുക്കും പരം
ചാർത്തീയെരിതീയൊടൊത്ത കുസുമം
വായ്ക്കുന്ന മുൾക്കള്ളിയും
ചാരംപൂണ്ടു ചവുണ്ട പൂവൊടിവിടം
ചൂഴ്ന്നോരെരുക്കും സ്വയം
സാരജ്ഞർക്കു ന്രേതിഹാസചരമ-
സ്കന്ധം പ്രസംഗിക്കയാം.

37
പോകട്ടേയതു ഭൂതപിണ്ഡമനലൻ
ഭജ്ഞിക്കിലും ഭാവിയാം-
ലോകത്തിൽ ക്ഷതിയില്ല പുണ്യചരിത-
ന്മാർക്കെന്നു കേൾക്കുന്നിതേ;
ശോകം വേണ്ടയി, നമ്മളാ മഹിതർതൻ-
ശിഷ്ടാംശമല്ലോ, വരാ-
മാകല്പം പുകളിന്നമുക്കമിനി നാം
തങ്ങും സ്ഥലങ്ങൾക്കുമേ

38
ഓരോന്നിങ്ങനെയോതുമപ്പൊടികളെ-
ത്തർജ്ജിച്ചു മേൽ കുട്ടവ-
ച്ചാരോപിച്ചു വപുസ്സതങ്ങു മിഴിനീ-
രോലുന്ന തജ്ഞാതികൾ,
സാരോദഗ്രനവ"പ്രസാദസര"മൊ-
ന്നർപ്പിച്ചു തന്നാൽ സ്തുതൻ
സ്ഫാരോച്ഛ്വാസമൊടാശ്രയാശനമഹോ!
പൊങ്ങീ ബുഭുക്ഷാകുലൻ.

39
വൃതസ്തോത്രഗണം രചിച്ചു ദിവിഷദ്-
ശ്രോത്രോത്സവം ചേർത്തു നൽ-
ഭവ്യശ്രീകലരും നവീനമുനിയാ-
മിക്ഷത്രിയശ്രോതിയൻ
സുവ്യക്തം തനതംഗമിന്നു ബലിയായ്
നൽകുന്നിതിമ്മട്ടെഴും
ഹവ്യം ഭൂമിയിലില്ലഹോ! ഹുതവഹ-
സ്വാമിൻ! പ്രസാദിക്ക നീ!

40
വൃതദ്വേഷി വിരഞ്ഞു വജ്രകരനാ-
യെത്തീ വിയത്തിൽ സ്വയം
മിത്രസ്നേഹമൊടിങ്ങിതാ വരുണനും
വന്നൂ മരുത്തുക്കളും,
അത്രത്യാഗ്നിശിഖാളിപോൽ മുകളിൽ വ-

ന്നെത്തുന്ന രുദ്രാളിയും
ചിത്രം! മേഘഗണം ക്ഷണം മഴയിതാ
നിർത്തുന്ന ദൈവാജ്ഞയാൽ.

41
കൃത്യജ്ഞൻ ഹതകൈരളിക്ക നവമാം
ജീവൻ കൊടുത്തെങ്ങുമ-
ന്നിത്യഖ്യാതിയിയന്നൊരിസ്സുകൃതിതൻ
ദിവ്യാംഗസംഗത്തിനാൽ
അത്യർത്ഥാം പരിശുഷ്കമാം ചിതയിലെ-
ഗ്ഗന്ധേന്ധനങ്ങൾക്ക മേൽ
പ്രത്യഗ്രാരുണമായ് മുളച്ച തളിരോ
പൊന്തുന്ന ചെന്തീയതോ?

42
ഹാ! ഗർത്തോപരി തീർത്ത പട്ടടയിലെ-
സ്സംസ്കാരപൂതം, മഹാ-
ഭാഗന്തൻ ഗുണധോരണീമധുര, മി-
പ്രേതം സ്വദിച്ചീടുവാൻ
ഭൂഗർഭസ്ഥിതമായ ഭൂതനിവഹം
പൊക്കുന്ന നാക്കൊക്കെയ-
ന്നാഗശ്രേണികണക്കെ നീളുമനല-
ജ്വാലാവലേഹങ്ങളാൽ.

43
രോചിസ്സേറി വപുസ്സു പൊൽത്തകിടുപോൽ
പാളി പ്രധൂമാംശുകം
മോചിച്ചിമ്മഹനീയദാഹവിധിയിൽ
സംതൃപ്തനായ സത്വരം
വീചിക്ഷോഭമിയന്ന തീക്കടലുപോൽ
വ്യക്തസ്ഫുലിംഗാകുലൻ
ശോചിഷ്കേശനിതാ സ്ഫുടം ജട വിതുർ-
ത്താടുന്ന രുദ്രാകൃതി

44
ഹാ! കാലാഭിഭവം വെടിഞ്ഞനപദം
പൊങ്ങുന്ന ദാക്ഷിണ്യമേ!

ലോകാരാധിതരീതിയാർന്ന ലളിത-
    ശ്രീ തേടുമൗദാര്യമേ!
പാകാർദ്രാവിരതാശ്രിതാശ്രിതപ്രണയമേ!
    നിർഗേഹരായ നിങ്ങളി-
ന്നേകാലംബനമായൊരാലയമിതാ
    കത്തുന്നു കേണീടുവിൻ!

45

ഊഹാഭ്യാസനിശാതചാരുധിഷണേ!
    യുന്മേഷസമ്മൃഷ്ടസം-
മോഹാന്ധ്യപ്രതിഭേ! മുഹുർദ്ധുതകലാ-
    പ്രസ്താരയാം ധാരണേ!
ആഹാ വെന്തെരിയുന്നു! നിങ്ങളുഭയം
    കൈക്കൊണ്ടു ചേർക്കാന്നൊരാ
സ്നേഹാർദ്രം, സരളദ്രുമം; നിലവിളി-
    ച്ചാരാൽ പറന്നീടുവിൻ!

46

മങ്ങാത്തോരു മനോഗുണങ്ങളഖിലം
    കാലൂന്നി മെത്തും മണം
പൊങ്ങാറായതിനാൽ സ്വയം പുകയിലും
    സൗരഭ്യമേറുംപടി
ഇങ്ങാശിച്ചു വസിച്ചെരിഞ്ഞു പിരിയും
    ദേഹാണുപുഞ്ജങ്ങളേ-
യെങ്ങാഹാ!യിനി നിങ്ങൾ പോവതുയരും
    കാറ്റിൽ കരഞ്ഞീവിധം.

47

പൊങ്ങിപ്പൊങ്ങിയകാലധൂമനിരപൊൽ
    പര്യന്തമെങ്ങും നിറ-
ഞ്ഞിങ്ങിക്കാണവതെന്തുവാൻ? - സുദൃഢമി-
    ന്നോരോരു ഭാവങ്ങളാൽ;
തിങ്ങിക്കെരളിതന്മനോഗുഹവെടി-
    ഞ്ഞാശാഗണം താനഹോ!
മുങ്ങിത്തീയിലുമിത്തദാത്മജഗുണം
    തപ്പും മഴപ്പാറ്റകൾ.

48
നാനാവ്യക്തി വഹിച്ച കൈരളികരൾ-
    ത്തട്ടാർന്നൊരാശോൽക്കരം.
താനാണിശ്ശലഭങ്ങളെന്ന ദൃഢമാ-
    യുൾച്ചിന്തുമിച്ചിന്തയിൽ,
സൂനാകാരമടിഞ്ഞിവറ്റ ചിറക-
    റ്റാഞ്ഞും കരിഞ്ഞും പെടും
ദീനാവസ്ഥകൾ കണ്ടെനിക്കു ഹൃദയം
    പൊട്ടുന്നു ഞെട്ടുന്നു ഞാൻ.

49
മോഹത്താൽ തുനിയുന്ന നിങ്ങൾ, മൃദവാ-
    മിമ്മേനിയെങ്ങു? ഗ്രനീ
ദാഹവ്യാപൃതനെങ്ങു വഹ്നീ? - അഥവാ,
    സത്യം പതംഗങ്ങളേ!
ദേഹം നശ്വരമാർക്കു, മിങ്ങതൊരുവൻ
    കാത്താലിരിക്കാ,സ്ഥിര-
സ്നേഹത്തെക്കരുതി സ്വയം കഴികിൽ നൃ-
    റാവൃത്തി ചത്തീടുവിൻ

50
ഹാ! വണ്ടിൻനികരങ്ങളും തടിതിയി-
    ദ്ദിവ്യൻ കവീന്ദ്രന്റെ മേൽ
ഭാവവ്യക്തികൾ കാട്ടിയിന്നനുമരി-
    ച്ചാശ്വാസമേലാനിതാ
ദേവന്മാർ ചിലരാവസിച്ചിട്ടുകയാൽ
    കാറ്റത്ത്റ്റടിഞ്ഞാഞ്ഞിട്ടും
ഞാവൽകായ് നിരപോലെ പോന്നു ചിതമേൽ
    കേഴാതെ വീഴുന്നിതേ.

51
സത്യം ദേവകൾതാൻ സുഖത്തിലനുമോ-
    ദിക്കുന്നു സത്തുക്കളോ-
ടത്യന്തം, സ്വയമപ്രകാരമനുശോ-
    ചിക്കുന്നു ദു:ഖത്തിലും
നിത്യ സ്പർദ്ധിമനുഷ്യവർഗ്ഗമിവിടെ-
    ക്കഷ്ടം ഗുണദ്വേഷിയായ്

പ്രത്യക്ഷത്തിലധ:പതിച്ച സുരരേ!
ഹാ! നിങ്ങൾ താങ്ങീടുവിൻ.

52
പ്രാമാണ്യം സ്വയമാർന്ന പാണ്ഡിതി, പരി-
ഷ്കാരത്തിൽ നിത്യാദരം
സാമാന്യാധികമായ ശക്തി കവിതാ-
സാമ്രാജ്യസംരക്ഷയിൽ
ശ്രീമാഹാത്മ്യമിവണ്ണമാർന്ന വിബുധ-
ജ്യോതിഷ്പതേ! നിൻ യശോ-
ഭ്രമാവിൽ ചിൽ കൗശികവ്രജമഹോ!
പുച്ഛം നടിച്ചൂ ചിരം.

53
പണ്ടേയുണ്ടു മനുഷ്യനിഗ്ഗുണപുരോ-
ഭാഗിത്വ, മദ്ദുർഗ്ഗുണം
കണ്ടേറുന്ന വിവേകശക്തിയതിനെ-
ക്കൊന്നില്ലയിന്നേവരെ;
മിണ്ടേണ്ടാ കഥ-ഹന്ത! യിന്നതു വെറും
മൂർഖത്വമോ മോഹമോ?
വണ്ടേ! നീ തുലയുന്നു; വീണയി വിള-
ക്കും നീ കെടുക്കുന്നുതേ.

54
ശങ്കാപേതമുദിക്കുമർത്ഥരുചിയെ-
ങ്ങെങ്ങാ വെറും ശബ്ദമാ-
മാങ്കോലക്കുരുവിന്റെയെണ്ണയിലെഴു-
ന്നജ്ജാലകൗതുഹലം?
ഹുങ്കാരത്തിലൊതുങ്ങുമോ പരഗുണോൽ-
കർഷങ്ങൾ? ഉണ്ടൂഴിയിൽ
പൂങ്കോഴിപ്രകരത്തിനും സ്ഥലമഹോ!
പുംസ്കോകിലങ്ങൾക്കുമേ.

55
വേണ്ടാ ചിന്തയിനിക്കലാനിലയ, വി-
ണ്ണേറും ഭവൽജ്യോൽസ്നയെ-
ത്തീണ്ടാ ഭൗമതമസ്സുമിന്നസീതമാം

പക്ഷാന്തരംതാനമേ
ഉണ്ടാകാം പരിഭ്രുതിഭീതി സുകൃത-
ശ്ലോകർക്കു; വെൺചാമ്പലു-
ള്ളാണ്ടാറുന്ന തദസ്ഥിലേശനിരയും
കത്തമതോർത്താധിയാൽ.

56
ശോകംപൂണ്ടുഴറിച്ചിരം വികൃതിഭേ-
ദാകൃഷ്ടമാം സാഹിതീ-
ലോകത്തിന്റെ ദുഷിച്ചുപോയ രുചിയെ
പ്രത്യാനയിപ്പാൻ ഭവാൻ,
പാകത്തിൽ കവിരാജരാജ! ഫലമാം-
വണ്ണം ചികിത്സിച്ചു;-ഭീ-
സ്തോകം വേണ്ടയിനിബ്ഭവാന്റെ ഗുളിക-
ച്ചെപ്പേന്തുമേ ശിഷ്യരും

57
ക്ഷീണിക്കാത്ത മനീഷയും മഷിയുണ-
ങ്ങീടാത്ത പൊൻപേനയും
വാണിക്കായ് തനിയേയുഴിഞ്ഞു വരമായ്
നേടീ ഭവാൻ സിദ്ധികൾ:
കാണിച്ചു വിവിദാദ്ഭുതങ്ങൾ വിധിദൃ-
ഷ്ടാന്തങ്ങളായ്, വൈരിമാർ
നാണിച്ചു, സ്വയമംബ കൈരളി തെളി-
ഞ്ഞൂക്ഷിച്ചു മോക്ഷത്തെയും.

58:
എന്നാലിപ്പണിതീർന്ന ഗോപുരമുണ-
ങ്ങീട്ടില്ലറപ്പാർന്നതി-
ല്ലെന്നയഗ്ഗളനാളമെത്തിയ ഭവൽ-
പ്രാണങ്ങൾ കേണാകിലാം
എന്നായാധിയിവർക്കു; ഹാ! വിധി വിനോ-
ദിക്കുന്നു; നട്ടുച്ചയായ്
നിന്നാ ഭാസ്കരനസ്തമിച്ചു; മുഴുകീ
കണ്ണീരിലർണ്ണോജിനി.

59
കേണാലും മനമേ, കിളർന്നെരിയുവോ-

രിത്തീയിലക്കൈരളീ-
പ്രാണാലംബനമാം കനിഷ്ഠതനയൻ
കത്തുന്ന തത്താദൃശൻ!
വീണാഹാ! കര്യന്നിതാർദ്രമുഖിയി-
ബ്ഭദ്രദേവി, വാഗ്ദേവിതൻ
വീണാമുക്തകരാർപ്പിതാസ്യകമലം
കണ്ണീർ തുളുമ്പാറുമായ്.

60

കാണുംമട്ടിലിടയ്ക്കിടയ്ക്കു തെളിവോ-
രിത്താരചക്രോൽക്കരം
പൂണ്ടും തേരുകളേറി മേഘമൊഴിയും
വിണ്ണിന്റെ ഖണ്ഡങ്ങളിൽ
താണമ്പൊങ്ങിയുമങ്ങടുത്തുമകല-
ത്തായും തിരക്കായിതേ
ചേണുറ്റീടിന വിദ്യയാൽ സ്ഥിരപദം
പ്രാപിച്ച വൈമാനികർ.

61

വാനത്തബ്ബഹുദൂരെ വന്മഹിമയാൽ
പണ്ടേ മഹാത്യുന്നത-
സ്ഥാനം ചേർന്നവരിങ്ങെഴും വ്യസനമോർ-
ത്തിന്നാർത്തിതേടുന്നിതേ!
നൂനം ഭൂമിയൊടുണ്ടവർക്കു വലുതാം
സ്നേഹം, തമസ്സറ്റെഴും
ജ്ഞാനത്താൽ നിജ ദേശകാലകൃതമാം
ദൂരങ്ങളോരില്ലവർ.

62

എന്നല്ലിത്തിരുമേനിതാനുമിവരൊ-
ത്തന്യൂനമാഹാത്മ്യമാർ-
ന്നെന്നേക്കും സ്വയമപ്പദത്തിൽ വിലസും
ജ്യോതിസ്സിലൊന്നാമിനി
എന്നദ്ദിവ്യരറിഞ്ഞു ഭൂമി വെടിയു-
ന്നോരീ മഹാനെ ദ്രുതം
വന്നേറ്റം ബഹുമാനപൂർവ്വമെതിരേ
റ്റീടുന്നവെന്നുംവരാം.

63
ഓജസ്സാർന്ന മുഖങ്ങൾ ചൂഴെയുരുകും
    തൂവെള്ളിപോൽ ശുഭ്രമാം
തേജസ്സിൻ പരിവേഷമാർന്നു തെളിവിൽ
    കാണുന്നിതാ വ്യക്തികൾ;
രാജച്ചന്ദ്രികയൊത്ത രമ്യവസനം
    പൂണ്ടോരഹോ! സ്ഫാടിക-
ഭ്രാജന്മൂർത്തികൾ വാണിതന്റെ പരിഷൽ-
    സാമാജികന്മാരിവർ.

64
ത്വിട്ടാളും മിഴിശബ്ദരാശിതിവാൻ
    വിട്ടും വിരഞ്ഞാദിനുൽ
കിട്ടാൻ പണ്ടു കടുത്തുടിധ്വനികളിൽ
    കർണ്ണം കൊടുത്തും സ്വയം
എട്ടായ് തീർത്ത സരങ്ങൾ കച്ഛസഹിതം
    കൂട്ടിപ്പഴക്കത്തിലും
പൊട്ടാതക്കിയ സൂത്രഹാരമെഴുമീ
    ശ്രീമാനതിൽ പാണിനി.

65
'ഭാഷാ' വ്യാകരണം നിജാഭിധയിലായ്
    തീർത്തന്നിജോപജ്ഞമാം.
ഭാഷാശാസ്ത്രമതിൽ "ലഘൂ"കരണവും
    ചെയ്തൊരു ദേഹത്തിനായ്
തോഷാശ്രുക്കൾ പൊഴിഞ്ഞു രണ്ടു കരവും
    പൊക്കീട്ടു മുല്പെട്ടിതാ
ശേഷാരാധിതപാദനമ്മുനി കനി-
    ഞ്ഞാശിസ്സു ളുവുന്നിതേ.

66
തന്നെത്താൻ നിജചിന്തയിൽ ബലികഴി-
    ച്ചാർജ്ജിച്ച നിക്ഷേപമി-
ങ്ങന്യന്മാർ പകരുന്നകണ്ടു, കൃതിയായ്-
    ത്തീരുന്നു വിദ്വാൻ സ്വയം,
പിന്നെത്തല്പരിപോഷണശ്രമഫലം

പാർത്താലവൻ പൂണ്ടിടും
ധന്യത്വം പറയേണ്ടതില്ലയി ഭവാൻ
മോദിച്ച സത്യം മുനേ!

67
കാണാമമ്മഹനീയരിൽ പലരെയും
പിന്നിട്ടു പിന്നെപ്പരം
ചേണാർന്നോരു കവീന്ദ്രപട്ടബിരുദം
പൂണ്ടുജ്ജ്വലന്മൗലിയായ്
വീണാപുസ്തകഹസ്തരാം പരിജന-
ത്തോടൊത്തു ഗൈർവാണിതൻ
പ്രാണാധായകനാം മഹാദ്യുതിയെഴു-
ന്നെള്ളുന്നു മെല്ലെന്നിതാ.

68
അംഗാരത്തിലെരിഞ്ഞു ശുദ്ധിതടവും
പൊന്നൊത്തു സത്വാഗ്നിയിൽ
ശൃംഗാരക്കറ പോയ്തെളിഞ്ഞൊരു മഹാ-
സൗന്ദര്യസാരാകൃതി;
അംഗാശ്ലേഷവിധിക്കു മിത്രമണിയെ-
ക്കണ്ടാഞ്ഞു നീട്ടുന്നിതാ
തുംഗാഭിഖ്യയെഴും കരാംകുരമഹോ!
ശുക്രങ്കണക്കാക്കവി.

69
നൊന്താളുന്നഴലൊത്തു നിർമ്മലമുഖാ-
ദർശത്തിൽ മൂർച്ഛിച്ചെഴും
ചിന്താരൂഢകൃതജ്ഞതാബഹുമതി-
സ്നേഹാനമോദങ്ങളാൽ
സന്താപാശ്രുകണങ്ങളൊത്തു തുടരും
സന്തോഷബാഷ്പം ചൊരി-
ഞ്ഞെന്താമിക്കുശലോക്തിയിൽ കവിവരൻ
ബന്ധിക്കുമന്തർഗ്ഗതം?

70
ആ മന്ത്രിച്ചഴലാർന്ന ഭൂമിയെ വെടി-
ഞ്ഞെത്തും ഭവാന്നാദ്യമായ്

ശ്രീമൻ, ബാഷ്പസമാവിലാക്ഷരമുര-
ച്ചീടുന്നു ഞാൻ സ്വാഗതം
ഹാ! മർത്ത്യൻ സുരഭാവമാർന്നിടുകിലും
ഭ്രഷ്ടസ്നേഹി; നിർഹേതുക-
പ്രേമം തന്നെ ജയിപ്പൂ, ലോകമതുതാ-
നാനന്ദദുഃഖാത്മകം.

71

ഏകാന്തം സുഖമിങ്ങു, നിത്യമഴലാം
താഴെത്തമോഭൂമിയിൽ,
പോകാ സക്തി തമഃപ്രകാശശബള-
ശ്രീയൊത്ത മദ്ധ്യോർവ്വിയിൽ,
ഛേകാത്മാചലഭോഗഭൂവിൽ നിമിഷ-
ന്തോറും രസോന്മേഷിയാം,
ശ്രീകാളും രസകാമധേനു രസയാ-
മോർക്കിൽ കവിക്കെന്നുമേ.

72

ഹേമക്ഷ്മാധരകൂടകല്പകമലർ-
ക്കാവിന്റെ ഭാഗങ്ങളിൽ
പ്രേമത്തിൽ സുരയൗവതങ്ങളനിശം
പാടുന്ന മദ്വാണികൾ
സാമഞ്ജസ്യമെഴും ഭവൽഫണിതിയിൽ
സഹ്യാദ്രിസാനുക്കളിൽ
ഭ്രമൻ, ഭൗമ'കുമാര'രോതുവതെനി-
ക്കേകുന്നു രോമോദ്ഗമം.

73

ഭംഗംവിട്ടു രസപ്രവാഹമമര-
പ്രാമാണികർക്കപ്പുരോ-
രംഗത്തിൽ തിരതല്ലിയെന്നുമരുളും
മദ്രൂപകങ്ങൾക്കു മേൽ
അംഗസ്വന്ത'കലാവിലാസ'വശയാ-
യാടുന്ന വാഗ്ദേവിത-
ന്നംഗക്ഷേപകളഹലങ്ങളുമെനി-
ക്കാനന്ദമേകുന്നതാൻ.

74:

രാസ്യശ്രീഗതിയാൽ സ്വയം ‘രഘു’വിനെ-
	പ്പോ’ലാംഗ്ലസാമ്രാജ്യ’മാം
പ്രാജ്യത്വംകലരുന്ന വാഗ്ലഹരിയാൽ
	വിശ്വം ജയിച്ചു ഭവാൻ;
പൂജ്യഖ്യാതിയെഴും സുധാസദൃശിയ-
	ഗ്ഗൈർവാണിതാനും തണു-
ത്താജ്യംപോലെയുറച്ചുപോയ നിലവി-
	ട്ടിപ്പോൾ ദ്രവിച്ചു കവേ!

75

ഖേദവ്യാകുല, കേരളാവനി കര-
	ഞ്ഞീടുന്നതും, തീവ്രനിർ-
വ്വേദവ്യാഹതചിത്ത കൈരളി വിര-
	ഞ്ഞിമ്മട്ടു മൂർച്ഛിച്ചതും,
ഹാ! ദർശിച്ചു ഭവദ്ഗുണങ്ങളനുമാ-
	നിക്കാം സഖേ! ഭൂവിൽ നിർ-
വ്വാദം വിശ്വഭരം രസത്തിൽ നിലനിർ-
	ത്തീടുന്ന വാഗ്വേദികൾ

76

താരിൻ സൗരഭധാടി തെന്നലതുപോൽ
	സ്വച്ഛന്ദവാഗ്വീചിയാൽ
പാരിൻ പ്രാജ്യഗുണം പരത്തിയതിനെ-
	ബ്ഭോഗാർഹമാക്കും മഹാൻ
നേരിൽ പ്രാണനിളയുക്ക, പിന്നെ മറയാൽ
	താരാട്ടി ബാല്യം മുതൽ
ഭൂരിച്ഛാന്ദസർ പോറ്റിയോരു വസുധ-
	യ്ക്കോർക്കിൽ കഥിക്കേണമോ?

77

അംഗച്ഛേദനതുല്യമാണു ഭവതി-
	ക്കേതാദൃശ്യന്മാർ നിജോ-
ത്സംഗം വിട്ടു പിരിഞ്ഞുപോവതു, വിധി-
	ക്കിമ്മട്ടു കീഴ്പ്പെട്ടിനി,
തുംഗപ്രാഭവമാർന്നിടും ത്രിപഥഗാ-
	സംഗത്തിനാൽ സ്തുത്യമാം

'വംഗ'ദ്യോവിലുദിച്ചുയർന്ന 'രവി'യെ
        സ്നേഹിക്ക വിശ്വംഭരേ!

78

ഈവണ്ണം തുടരുനതിന്നിടയില-
        ശ്ശാകുന്തളോദ്യദ്യശോ-
ധാവള്യംകലരും കവീന്ദ്രനടനേ
        കമ്പിട്ടു മുമ്പാക്കവേ,
ഭാവസ്വച്ഛതയാർന്നു ചാരുകവിതാ-
        മന്ദസ്മിതംപോൽ മന-
സ്സാവർജ്ജിപ്പൊരു ധാമമെത്തി നിലകൊ-
        ള്ളുന്നൂ നിരാഡംബരം.

79

"ശ്രീമൻ, ഭ്രപരിവർത്തനങ്ങളിലിട-
        യ്ക്കെങ്ങോ മറഞ്ഞേറെനാ-
ളീമട്ടിൽ പടുദന്തലേഖനി നയി-
        ച്ചിപ്പോൾ 'ഗണേശോ'ദ്ധൃതം
ആ മന്നാടകചക്രമ്പിൽ നിജവാ-
        ക്കുടേ തിരിക്കും ഭവാ-
നാമർജ്ജിച്ചിതു കാലസിന്ധുവിലഹോ
        സംസാരപാരിപ്ലവം!"

80

ഖ്യാതിപ്പെട്ട പുരാണരൂപകകവി-
        പ്രൗഢൻ കനിഞ്ഞീ വച-
സ്സോതി സ്വസ്തി പറഞ്ഞുമാറുമുടന-
        ങ്ങോരോ കലാവല്ലഭർ
ഹാ! തിക്കുന്നു, സമാനകമ്പരവരിൽ
        പൗരസ്ത്യപാശ്ചാത്യരാം
ജ്യോതിർവിത്തുകൾ മുഖ്യരാണുപചിത-
        ജ്യോതിഷ്പ്രസാദോജ്ജ്വലർ.

81

നാലഞ്ചാളുകൾ പിന്നെയർച്ച്യപദരാ-
        വേദാന്തിമാരപ്പുറ-
ത്താലങ്കാരികരാഗമജ്ഞർ പലര-

ന്നൈരുക്തികന്മാർ ചിലർ
നീലശ്രീലശരന്നഭസ്സിലുയരും-
ഗംഗാതരംഗത്തിലെ-
പ്പാലഞ്ചും പുതു ബുദ്ബുദപ്രഭയൊടും
പൊങ്ങുന്നിതങ്ങങ്ങവർ

82

താണാ ദിക്കിനു തെല്ലുദൂരെയുടനെ
കാർകൊണ്ടലിൻ കോടിയിൽ
കാണാമാഭ കടൽക്കരയ്ക്കൊരു കരും-
വാർകൈത പൂക്കുന്നപോൽ,
ഏണാങ്കന്റെയപൂർണ്ണബിംബമവിടെ-
പ്പൊങ്ങുന്നതോ? വാണിതൻ
ചേണാർന്നീടിന ഹംസമാ വഴി പറ-
ന്നെത്തുന്ന സന്നാഹമോ!

83

അല്ലിൽ ദ്യോവിൽ മഹാണ്ഡകോടികൾ ചലി-
ച്ചങ്ങങ്ങു പൊങ്ങും രവം
തല്ലിക്കൂടിയ വാദ്യമൊത്തനുരണി-
ച്ചാ വീണ കേണീടവേ,
കില്ലില്ലിങ്ങു കനിഞ്ഞു ദേവിയെഴുനെ-
ള്ളീടുന്നിതിപ്പുത്രനെ-
ച്ചൊല്ലിത്താപമൊടും സുരർഷിനിവഹ-
വ്യാഗീത, വാഗീശ്വരി.

84

അക്കാർവിട്ടു തെളിഞ്ഞ ഹംസപതിമേൽ
തങ്ങി ക്ഷണം ഭൂമിയിൽ
തൃക്കാരുണ്യകടാക്ഷദീധിതി നറും
പാൽപോൽ പരത്തി സ്വയം;
ചിൽക്കാമ്പാമവൾ കേരളോർവ്വിയെയഹോ!
കാണുന്നു ദുഃഖാബ്ധിയിൽ,
തൽക്കായത്തിലടിഞ്ഞ കൈരളിയെയും
നോക്കുന്നിതമ്പാർന്നുടൻ.

85

ഉന്നിദ്രാഭകലർന്നു കാറ്റിലിളകും

കാറൊത്തു കാലോളവും
പിന്നിൽ പാറിയ കുന്തൽമേൽ വിലസിയും
ശുമഞ്ജുപൂ'മഞ്ജരി'
ചിന്നിപ്പൂവുടയാട 'സാഹ്യ'മിയലും
പൊൻനാടയാൽ മിന്നിയും
മന്നിൽ പെട്ടു കിടക്കുമമ്മകളെ നിർ-
വർണ്ണിച്ചു വർണ്ണാത്മിക.

86

സ്ഥൂലദ്രാവിഡമട്ടുവിട്ടു നിയമ-
സ്വച്ഛാംഗിയായോമന-
ക്കോലം 'സംസ്കൃത'മോടിയാൽ വികൃതമാ-
ക്കീടാതെ ചേതോഹരി.
ഫാൽത്തിങ്കലഴിഞ്ഞ് സൂക്ഷ്മ'തിലകം'
പൂരിച്ചു സദ്"ഭൂഷണം"
ലോലശ്രീയൊടു പണ്ടു മൂർച്ഛയിതിലും
ശോഭിച്ചിടുന്നുണ്ടിവൾ.

87

മിണ്ടാതിന്നിലയിൽ ശയിക്കിലുമഹോ
മാധുര്യമേലും മുഖ-
ത്തണ്ടാരിൻ മൃദുസംവിധാനഗതിയാ-
ലോതുന്നിതേതാണ്ടിവൾ
"വേണ്ടാ ജീവിതമിന്നിയെന്നുടലിലും
വൈരൂപ്യമേകീടുവോ-
രുണ്ടാം മേലിലനേക, രസ്തമിതനാ-
യെൻ സൂര്യ"നെന്നൊക്കവേ.

88

ആകാശത്തിലുടൻ പ്രഭൃതരുജപ്പൂ-
ണ്ടെത്തുന്നിതഞ്ചാറു ന-
ല്ലാകാരപ്രഭ ഹംസപക്ഷരുചിയാം
മേക്കട്ടിതൻ താഴെയും
ഹാ! കാരുണ്യമിയന്നു കുണ്ടിതഖിലം
കേഴുന്നു വാഗ്ദേവിതാൻ;
ശോകാവസ്ഥ പരസ്പരം പകരുമി-
ങ്ങാർദ്രാശയർക്കാർക്കുമേ.

89
തേനഞ്ചീടിന 'ഗാഥ'യാലൊരു മഹാൻ
        താരാട്ടി മുമ്പമ്പിയ;-
ന്നാനന്ദാശ്രുവിൽ മുക്കി മറ്റൊരു മഹാ-
        ധന്യൻ 'കിളിക്കൊഞ്ചലാൽ';
ദീനത്വം കലരാതെയന്യസരസൻ
        'തുള്ളിച്ച'തൻപാട്ടിനാൽ';
നൂനം കൈരളിയമ്മയും ശിശുവുമായ്-
        നിന്നാളവർക്കന്നഹോ.

90
അക്കാണും പ്രഭപൂണ്ടടുത്ത് വിലസും
        സാരസ്വതന്മാരിലീ-
മുൽക്കാര്യങ്ങൾ നിനച്ചു കേഴവവരാ-
        ണിച്ചൊന്ന മൂന്നാളുകൾ;
ഉൾക്കാമ്പാടിയവർക്കു പിൻപിലെഴുമ-
        മ്മറ്റുള്ളപേർ ദേവിതൻ
തൃക്കാൽ കൂപ്പുകയാം സമാധി വരുവാൻ
        തോരാത്ത കണ്ണീരൊടും.

91
പ്രവ്യഗ്രാശയരായ് പകച്ചഴൽ വഹി-
        ച്ചിമ്മട്ടു നിന്നീടുമ-
ദ്ദിവ്യസ്ത്രീപുരുഷർക്കശേഷമുടനേ
        രോമാഞ്ചമേകും പടി;
ഭവ്യപ്രദ്യുതിപൂണ്ടു ഭാരതിയെഴും
        സ്ഥാനത്തിൽനിന്നപ്പൊഴീ-
സുവ്യക്താക്ഷരവാണീ മാറ്റൊലിയൊറ്റും
        കേൾക്കുന്നു ദിക്കാകവേ;

92
"വത്സേ! കൈരളി, യാശ്വസിക്ക, വിധിസ-
        ങ്കല്പത്തെ മാനിക്ക, നിൻ-
ഹൃത്സേതുക്കൾ തകർത്ത മോഹനദിവി-
        ട്ടേറീടുകെൻ പൈതലേ,
സത്സേവ്യേ! സഖീ! കേരളാവനി! കുഴ

ഞ്ഞീടായ്ക ദു:ഖങ്ങളിൽ;
ചിത്സേകച്യുതമോഹനായ ഭഗവൽ-
പാദന്റെ മാതാവു നീ.

93
ലോകം നിത്യചലം, വൃഥാ മൃതിഭയം
തോന്നുന്ന മാറ്റങ്ങളിൽ
പാകത്തിൽ പൊരുളൊന്നുതന്നെ;പലതാ-
മദ്ദേശകാലങ്ങളാൽ;
ഏകവ്യാകുലവിശ്വചക്രപടലം
ധർമ്മാക്ഷദണ്ഡത്തിൽനി-
ന്നാകല്പം ചുഴലുന്നു, തദ്ഗതി തടു-
പ്പാനില്ല കൈയാർക്കുമേ!“

94

യൽക്രാന്തനാത്മാഭയാൽ
ചൂഴും തേരിലുയർന്നിടുന്നു വഴിമേൽ
ഹംസാരവത്തോടുമേ,
കേഴും വ്യക്തികൾ വാണിമാതൊടുമിതാ
മായുന്നിതങ്ങങ്ങുതാൻ.
താഴുന്നൂ ദശമീഹിമാംശു കടലിൽ
പൊങ്ങും തരംഗത്തിലും.

95
ഹാ! കണ്മൂടിയിരുണ്ടു ദിക്കഖിലവും
വ്യാപിച്ചു മേന്മേൽ മഹാ-
കാകശ്രേണികൾപോലെ വന്നുരുതമ-
സ്കാണ്ഡങ്ങൾ തിങ്ങുന്നിതേ
ലോകവ്യക്തചരിത്രകൃത്തു വിധിയീ-
നാളായ താളിൽ സ്വയം
ശോകവ്യഞ്ജകമായടച്ച മഷിതേ-
ച്ചീടുന്നു കില്ലില്ലതിൽ.

96
വാണീസംഗമവും സുരാഗമനവും
മറ്റും വൃഥാ വാസനാ-

ശ്രേണീനിർമ്മിതമാണു; കാണ്മതു ദിവാ-
　　സ്വപ്നങ്ങളാണൊക്കെ ഞാൻ
താണീലിന്നു വിയോഗവേദന, മറി-
　　ച്ചെന്നന്താരാത്മാ ഭൃശം
കേണീടുന്നിതുണർന്നഹോ! ജനനിയെ-
　　ത്തേടും കിടാവെന്നപോൽ

97

പോയീ കൈരളിതൻ പ്രശസ്തതനയൻ!
　　പോയീ മഹാപണ്ഡിതൻ!
പോയീ ശിഷ്യസുഹൃല്പ്രിയൻ ഭസിതമഞ്ഞ-
　　യമ്മേനി! പേരായ് മഹാൻ;
മായീഭൂതമഹോ ജഗത്സ്ഥിതി! യിതാ-
　　മാദൃക്ഷരിൽ ശോകമി-
സ്ഥായീഭാവമിയന്നു; ബാഷ്പനിരയും
　　നിൽക്കാത്ത നീർച്ചാട്ടമായ്.

98

ആഹാ! നിഷ്ഠുരരാത്രി! യമ്മഹിതനെ-
　　ത്തിന്നന്നു സിദ്ധിച്ചൊര-
ദ്ദേഹായാമമൊടുന്നുരണ്ടു പുരുഷാ-
　　യുസ്സെന്തു നീളാഞ്ഞു നീ?
സ്നേഹാർത്തർക്കു സുഖം വളർത്തുമതു നീ
　　ചെയ്തില്ല; വേൺറ്റാ, സ്വയം
മോഹാന്ധത്വമിയന്നു ഞങ്ങൾ, പകലും
　　രാവാണു ഞങ്ങൾക്കിനി.

99

പറ്റീ പേരിതു "കാലയുക്ത്യ" ഭിധമാ-
　　മാണ്ടേ! അനർത്ഥങ്ങളെ-
പ്പെറ്റീടാനിടചേർന്നൊരുഅ "മ്മിഥുന" മേ!
　　യോഗം മഹാക്ഷേമമായ്!
തെറ്റീട്ടില്ല നിനക്കു "പഞ്ചത" യുമ-
　　ന്നാളേ! യഹോ! നിങ്ങളെ-
പ്പറ്റീട്ടുഞ്ഞണമിങ്ങു ഞങ്ങൾ മൃതിയെ-
　　പ്പക്ഷേ ജയിച്ചല്ലുമേ.

100
ഐരോപ്യാഹവവഹ്നി ഭൂമിയെ ദഹി-
	പ്പിക്കുന്നു, കച്ചോടമാം
പേരാളും ധനരക്തനഅഡി നിലവായ്,
	ത്തെറ്റി ഗ്രഹാനുഗ്രഹം,
ഓരോ വ്യാധികളായിതാ യമനുമാർ-
	ന്നെത്തുന്നു, ഞങ്ങൾക്കെഴും
ഘോരാന്തർജ്വരപീഡ കാൺകതുകളെ-
	ത്തുച്ഛീകരിച്ചു വിധേ!

101
ഇല്ലേറെപ്പരമാർത്ഥസൂരികൾ, കവി-
	സ്ഥാനാർഹരില്ലത്രപേർ;
ചൊല്ലേറും ശുഭശീലനിഷ്ഠരവരിൽ-
	പ്പിന്നെച്ചുരുക്കം ചിലർ;
ഉല്ലേഖിച്ച ഗുണങ്ങൾതന്നെ തികവോ-
	രില്ലാരു മുണ്ടെങ്കില-
ങ്ങല്ലേ? ഹാ! തിരുമേനി, -ആരിവിടെയീ
	നഷ്ടത്തെ വീട്ടാനിനി?

102
ചാരുത്വം തികയും സുമങ്ങളെയുടൻ
	വീഴ്ത്തുന്നു പൂവല്ലികൾ;
ചോരും മാധുരിയാർന്ന പക്വനിരയെ-
	ത്തള്ളുന്നു വൃക്ഷങ്ങളും;
പാരും കൈവെടിയുന്നു പുത്രരെയഹോ!
	പാകാപ്തിയിൽ-ദോഷമായ്-
ത്തീരുന്നോ ഗുണമിങ്ങിവറ്റ കഠിന-
	ത്യാഗം പഠിപ്പിക്കയോ?

103
!
	ട്ടുള്ളോർ സമസ്തസ്വമായ്-
പേണീടും ചുടുകണ്ണുനീരിനു ഉലോം
	ധന്യത്വമേകീടുവിൻ!
പ്രാണീഭൂതമഹാനിനി പ്രതിനിവൃ-
	ത്തിക്കില്ല, ശോകാപഗാ-

വേണീവായ്പിൽ വിവേകവഞ്ചി ശകലം
പോകില്ല മുമ്പോട്ടുമേ.

104

സ്യാനന്ദൂരപുരത്തവാന്തരവഴി-
ക്കോണൊന്നി, ലാഡംബര-
ന്യൂനശ്രീ തടവി, സ്സദാ പലകലാ-
നിഷ്ണാതർ തേടുന്നതായ്
ആനന്ദാലയമായ് ലസിച്ച ഗുരുവിൽ-
വെണ്മാടമേ! എന്തിന-
സ്ഥാനത്തിശ്ശവഗോപുരാകൃതിയിൽ നീ
നിൽക്കുന്നു? നോക്കാൻ പണി!

105

ക്രൂറാളും തിരുമേനി കൃത്യപരനായ്
പിൻ പൂമുഖം പൂകവേ
മാറാതമ്മലർവായു വീശുവൊരു നൻ-
മല്ലീനികുഞ്ജങ്ങളേ!
വേറാശയ്ക്കിടമില്ല, നിങ്ങൾ ചൊരിയും
വെൺപൂക്കളെത്തദ്ബലി-
ച്ചോരായോർത്തു ചുഴന്നു കാക്കകളിനി-
ക്കൊത്തീടുമോർത്തീടുവിൽ!

106

ജാലംപോലെ ഭവാന്റെ ലീലകൾ വിഭോ!
പോയീ, പ്രിയാനന്ദന-
സ്യാലന്മാർക്കു നിജാലയം ‘ബലിപുരം’
താനായിനിസ്സര്വ്വഥാ;
ആലംബിച്ചവയെക്കുമാരരവിടെ-
ത്തച്ചിത്രവൈദഗ്ധിതൻ-
കാലദ്ധ്വം സനജാഡകൊണ്ടു വെറുതേ-
യുൽക്കണ്ഠ കൂട്ടാം ചിലർ.

107

ഓമൽത്താർമണമാർന്നൊരായരമന-
പ്പൂവാപിയിൽ പ്രീതിയാൽ
ശ്രീമൻ! രോഹിതരൂപനങ്ങു നടുവിൽ

പോയ് നീന്തി നീരാടിപോൽ;
ഹാ! മത്തൻ യമധീവരൻ വലയെറി-
ഞ്ഞേല്പ്പിച്ചുപോൽ; ഈശ്വരാ!
ഭീമത്വം കലരുന്ന വൈതരണിയീ-
വാർത്തയ്ക്കു ലാക്കാം കുളം!

108
ഹാ! രോഗം കഫദോഷമല്ലി, സുഖമാം
നാലഞ്ചുനാൾക്കുള്ളിലെ-
ന്നോരോന്നാശയൊടോർത്തു ഞങ്ങൾ; വിധിയോ
ചിന്തിച്ചു വേറേവിധം;
ഘോരോദന്തമിതാ തറച്ചിതു ചെവി-
ക്കാഹന്ത! നേരായിതുൾ-
ത്താരോർക്കാ-ബത, രാഹുതന്നെ രവിയിൽ
കല്പാന്തകാലാഹിയായ്!

109
മങ്ങാതിപ്പൊഴുമുള്ളിലമ്മുഖവുമ-
സ്സല്ലാപവും മൈത്രിയാൽ
വിങ്ങാറുള്ള വിലോകനങ്ങളുമഹോ!
നൽകുന്നിതമ്മാതിരി;
എങ്ങാവോ തിരുമേനിയിന്നു? വരുമോ
വീണ്ടും? കവീന്ദ്രോക്തിപോ-
ലിങ്ങാഗന്തുകവൈകൃതം സ്ഥിതിയഹോ!
ദേഹിക്കു നിത്യം മൃതി.

110
കാലത്തുണ്ടകഴിഞ്ഞു കൗതുകമൊട്ടും
ചെമ്മേ മുറുക്കു സ്വയം
ലോലശ്രീതിലകാഭ തൂവി, വിതറി-
പ്പൂങ്കർണ്ണഭൂഷാരുചി
പാലഞ്ചും സ്മിതമോടൊരംശുകമുടു-
ത്തെത്തുന്നൊരമ്പാർന്നതി-
ക്കോലം പോയിതു ചിത്തമേ, യയവിറ-
ക്കിക്കൊൾകയക്കാഴ്ച നീ!

111
ചട്ടറ്റീടിന ശോഭചേർന്ന പനിനീർ-

പ്പൂച്ചെണ്ടു പൊന്നൂലിനാൽ
കെട്ടപ്പെട്ടതുപോലിണങ്ങിയ തല-
പ്പാവാർന്ന കാമ്യാകൃതി
ചട്ടയ്ക്കാഭകലർത്തി മേലുവിലസുമ-
ച്ചിത്രാംഗവസ്ത്രാഢ്യനായ്
തിട്ടം ഹാ! രഥമേറിയും സ്മൃതിപഥ-
ത്തിൽത്താൻ ചരിക്കാമിനി

112

ശ്രീതാവുന്നൊരു വഞ്ചിവല്ലഭമഹാ
ഹൗണീകലാശാലയാം
മാതാവിൻ സ്തനമുണ്ടറിഞ്ഞിതു ഭവാൻ
പാശ്ചാത്യവിദ്യാരസം
നേതാവും സ്വയമായിതങ്ങൊടുവില-
ന്നാ വീരസൂ ധന്യയാ-
യോതാമിന്നവൾ കൈരളിക്കു കിടയായ്
വാടുന്ന വിദ്വന്മണേ!

113

ലീലാനിർജ്ജിതവിദ്യരായ് പുകഴ്പര-
ത്തീടുന്നൊരേതൽ കലാ-
ശാലാപണ്ഡിതലോകവും പ്രിയതയാൽ
വിദ്യാർത്ഥിസന്ദോഹവും
ആലാപങ്ങളിലിന്നു താവകഗുണം
വർണ്ണിച്ചു കണ്ണീർക്കണം
ലോലാഭം പുതുമുത്തുപോലരിയ കൈ-
ലേസാൽ തുടയ്ക്കുന്നിതേ!

114

ഗാഢസ്നേഹമൊടങ്ങു കക്ഷ്യയിലണ-
ഞ്ഞാ ശിഷ്യതാരാവലി-
ക്കൂഢശ്രീ ഹിമരശ്മിയായ് സുധചൊരി-
ഞ്ഞാരാൽ വിളങ്ങുന്നതും,
പീഠംവിട്ടു നിവർന്നെണീറ്റു നൊടിയിൽ-
ച്ചാഞ്ഞാഞ്ഞുദാരാഭയിൽ
പാഠവ്യാഖ്യ കുറിക്കുമപ്പലക ലാ-
ക്കാക്കി ത്വരിക്കുന്നതും.

115
ഒറ്റക്കാൽ, പിറകുന്നിയൂർമ്മികകളാൽ
മിന്നും വലംകൈയതിൽ
ചെറ്റമ്മൃത്തികയേന്തി വാക്യമെഴുതി-
ക്കാണിച്ചു നിൽക്കുന്നതും,
അറ്റം തെല്ലു ചുരുട്ടിയായിടതുകൈ
പിൻചേർത്തു വിശ്രാന്തനായ്
കറ്റക്കാർശിഖ പിൻപൊതുക്കി മറുകൈ-
ത്താർ വീശി ലാത്തുന്നതും.

116
കോപസ്ഫൂർത്തിയറിഞ്ഞിടാതരുണമാ-
മോമൽ കടക്കണ്ണതൻ
ക്ഷേപത്താൽ തിരുമേനി ശിഷ്യരെയിട-
യ്ക്കോരോന്നു വീക്ഷിപ്പതും
സ്വാപഭ്രാന്തികണക്കു മാഞ്ഞിതഖിലം!
ഹാ! രംഗമേ ശൂന്യമായ്
ദീപം പോയ വെറും വിളക്കു തടയാ-
യെപ്പോഴുമിപ്പീഠവും!

117
ഈ വിദ്യാലയവേഴ്ചയാനധികവും
ത്വദ്ഗ്രന്ഥരത്നങ്ങൾ ത-
ന്നാവിർഭാവനിമിത്തമെന്നതു നിന-
ച്ചമ്പാർന്നു കുമ്പിട്ടിടാൻ
ഹേ! വിദ്വൻ! ഭവദീയഭക്തജനത-
യ്ക്കാരാദ്ധ്യമാമോർമ്മതൻ
കോവിൽ ഗർഭഗൃഹങ്ങളായി നെടുനാൾ
നിൽക്കട്ടെ തൽ കക്ഷ്യകൾ!

118
നീലപ്പുൽത്തറകൾക്കു മേൽ പല നിഴൽ-
ക്കൂടാരമുണ്ടാക്കിയും
കാലത്തിൽക്കനിയേകിയും കിളികൾ തൻ-
ഗാനോത്സവം കൂട്ടിയും
ബാലാരാധകമായ് കലാലയമിതിൻ

മുമ്പേറെ വമ്പാർന്നെഴും
സ്ഥൂലാമ്രാധിപ! കേഴുകീ വിരഹമോർ-
ത്തെന്നും മഴക്കാറ്റിൽ നീ!

119

പ്രാദുർഭാവമിയന്ന തന്നിളു കവേ!
യങ്ങയ്ക്കു ഗൈർവാണിയീ
വൈദുഷ്യപ്രഥ ഭാരതാവനിയിലും;
പാശ്ചാത്യലോകത്തിലും;
സ്വാദുറ്റോർത്തവിടുന്ന സംസ്കൃതകലാ-
ശാലോന്നതിവ്യഗ്രനായ്
ഹാ! ദുര്യോഗ, -മിതാ പ്രയത്നതരു പൂ-
ക്കാറായി; പോയീ ഭവാൻ!

120

ഹന്ത! ദ്യോവിലിയുർന്നിതങ്ങൊരു മഹാ-
നിന്നീ'യനതാലയ'-
ത്തന്തർദ്ധാനമിയന്നിത'ക്കവി' 'ബുധൻ'
പോയ്, പോയി 'വാചാസ്പതി'
സ്വന്തക്ഷീണത രാജധാനി! പരിഗോ-
പിച്ചിന്നു പോറ്റാം നിന-
ക്കന്തേ, സ്സീ'ഗ്രഹചാര'ദോഷമധികം
മാലോകരാലോചിയ.

121

മദ്രാഭിഖ്യമഹാപുരത്തിലുയരും
മാർത്താണ്ഡരമ്യാഭയായ്
മുദ്രാതീതമഹത്ത്വമാർന്നു വിലസും
ശ്രീ 'വിശ്വവിദ്യാസഭേ!'
ത്വദ്രാജദ് ബിരുദങ്ങൾ നേടിയയി! നിൻ-
സേനാഗ്രഭൂവാർന്നൊരാ
ഭദ്രാത്മാ നിജകൃത്യയാത്രയിലിതാ
മുങ്ങീ മഹാംഭോധിയിൽ.

122

ഭ്രാജിക്കും ഭവദീയരാജ്യപരിധി-
ക്കുള്ളിൽ സ്വതേജസ്സിനാൽ

രാജിക്കും പല ശബ്ദലോകമൊട്ടു തൻ-
        ഭാഷാപ്രകാണ്ഡത്തെയും
യോജിപ്പിച്ചഭിവൃദ്ധി ചേർക്കുവതിനായ്
        വാഗസ്ത്രമേന്തി ശ്രമി-
ച്ചീ ജിഷ്ണുദ്യുതി കൈരളിക്കുമരുളീ
        ക്ഷേമം നിനക്കും സഭേ!

123

ഈടേറുന്നൊരു നഷ്ടമിങ്ങനെ പിണ-
        ഞ്ഞാഹന്ത! ശോകാന്ധമായ്
പാടേയൂർദ്ധ്വഗവാക്ഷദൃഷ്ടികൾ മിഴി-
        ച്ചിന്നാ സഭാസൗധമേ!
കേടേശാതുരു ശാന്തവാക്കുകൾ കടൽ-
        ക്കാറ്റോതിനിന്നീടിലും
ചൂടേലും നെടുവീർപ്പുകൊണ്ടു നഗരി-
        ക്കേകുന്നു താപത്തെ നീ!

124

ഹാ! കഷ്ടം പ്രതിഭാപ്രകാശഭരമാർ-
        ന്നർക്കോജ്ജ്വലൻ മർത്ത്യനും
ലോകത്തിമ്മൃതി തുല്യമിന്നുമൊളി ക-
        ണ്ടിടാത്ത കീടത്തിനും;
ഈ കർമ്മക്ഷമവിദ്യയൊന്നുമിനിയും
        നൽകീല സാഹായ്യമീ
ശോകത്തിന്നു, -വൃഥാ കപാലഫലകം
        കായിച്ചു നീണാൾ നരൻ!

125

എന്തായീ ശ്രമ? മെത്രനാളുഴറി നീ
        ശാരീരവിജ്ഞാനമേ!
എന്താശിപ്പതു'രാസ''ബൗതിക'മഹാ-
        തന്ത്രങ്ങളേ! നിങ്ങളും?
ചിന്താമർജ്ജരനായ നിങ്ങടെ പിതാ-
        വാം മർത്ത്യനെത്തീടുമീ-
യന്താവസ്ഥയഹോ! ദയാർഹ, മിതഹോ!
        നിങ്ങൾക്കു ലജ്ജാവഹം.

126

പാരിൽ സൃഷ്ടിദിനം തുടങ്ങി മരണം
    പേടിച്ച ചൂടേറുമുൾ-
ത്താരിൻ ജ്വാലകളല്ലി, നിങ്ങൾ പറവിൻ
    തീവ്രാർക്കതാപങ്ങളേ?
പൂരിക്കും നെട്ടുവീർപ്പുതൻ നിചയമ-
    ല്ലേ നിങ്ങൾ വായുക്കളേ?
ഭൂരിപ്രാക്തനബാഷ്പമല്ലി, മുകിലിൻ-
    വർഷങ്ങളേ! നിങ്ങളും?

127

ചത്താൽ ജീവിതവാർത്ത പോയി, പടു-
    കാറ്റേറ്റോ ഘൃതം വറ്റിയോ
കത്താതായ വിളക്കിനൊത്തതു കഴി-
    ഞ്ഞെന്നാലിരുട്ടുണ്ടപോൽ;
ഉത്താപത്തൊടു, ഭോഗവാസനകളാൽ,
    നിർദ്ദേഹനാം ദേഹി, കൈ-
യെത്താതായ പഴം കൊതിച്ച ശിശു-
    വായ് കേഴുന്നുപോലേറെനാൾ;

128

കർമ്മത്തിൻ വശരായുയർന്നു സുഖമായ്
    സ്വാരാജ്യമോ ദു:ഖമായ്
നിർമ്മാർജ്ജിച്ചതിഘോരമാം നരകമോ
    പുകുന്നുപോൽ ദേഹികൾ;
ശർമ്മമ്പോലെയശർമ്മവും മറുതടം
    കാണാത്ത നിത്യബ്ധിപോൽ;
ധർമ്മവ്യായതചക്രചാരിപുരുഷൻ
    വീണ്ടും വരുന്നുണ്ടുപോൽ;

129

ഓരോന്നിങ്ങനെയൂഹമോ നിഗമമോ
    ലാക്കാക്കിയോതാം ചിലർ-
ക്കാരോരുന്നിതു തത്ത്വ?മെങ്ങനെയൊരാൾ
    കാണുന്നിതങ്ങേപ്പുറം?
നേരോ പ്രേതകഥപ്രസക്തി? പൊളിയോ?
    മസ്തിഷ്കവൈകല്യമോ?

വേരോടിങ്ങു കരിഞ്ഞുപോയ തരുവിൻ
ഛായയ്ക്കു നിൽക്കാവതോ?

130

അല്ലെങ്കിൽ പൃതിഭയ്ക്കു ദൂരഗതമാ-
മക്കാര്യമൂഹത്തിനാ-
ലില്ലെന്നെങ്ങനെ നിർണ്ണയിക്കു?മിരുളിൽ-
ത്തങ്ങുന്നവല്ലോ പൊരുൾ!
കില്ലെന്തിന്നതുമല്ലനന്തനിയമം
വിശ്വം; വരാമേതുമേ,
തെല്ലെന്നാകിലുമർത്ഥമെന്നി നിലനി-
ൽക്കില്ലോർക്കിൽ വിശ്വാസവും.

131

ചൊല്ലാം തീയുടെ തീക്ഷ്ണദന്തമണയാ-
തത്യന്തസൂക്ഷ്മാംഗമായ്
തെല്ലാശാസ്പദതത്ത്വമങ്ങു 'തടി'യിൽ
ശേഷിക്കുമെക്കാലവും;
അല്ലാഞ്ഞാൽ നരവാഴ്‌വല്ല; ഭുവനം-
താനും വൃഥാരംഭമാം;
ഇല്ലാതാം വില കണ്ണുനീരിനു;മതി-
ന്നാർക്കാനുമോർക്കാവതോ?

132

ആ പക്ഷം ശരിയെങ്കിലിന്നയി! "മൃതേ!"
ഹാ! നിന്റെ ഘോരങ്ങളാ-
മാ പല്ലിന്നിരകൾക്കു മൂർച്ചയിനിയും
പോരെന്നു തോന്നാമുടൻ;
ആപത്തിൻ പരകാഷ്ഠയായ പുലിയാ-
യീ ഞങ്ങളഞ്ചുന്നൊരാ
നീ പച്ചത്തൃണരാശി തിന്നരിയ പാ-
ലേകുന്ന ഗോവെന്നുമാം.

133

നേരാമായതു ഹാ! ശുഭേ! ഭയദമാം
വന്തോക്കുതൻ വായിലാ-
വീരാഖ്യയ്ക്കു കൊതിക്കുമെത്രതരുണൻ

ക്കാശ്വാസമേകുന്നു നീ!
ആരായുന്നിതു രാഗപുഷ്പസൃതിമേൽ
മുള്ളേറ്റ നോവാറ്റുവാൻ
താരാർമേനികൾതന്നെ ശീതതരമാം
നിന്നംഗസംഗം മൃതേ!

134

ത്രാണിക്കൊത്തു പകൽ പരിശ്രമമിയ-
ന്നോർക്കമ്പിയെന്നന്തിയാൽ
പേണിക്കണ്ണു തലോടിയെന്നുമണവോ-
രാ ഭദ്രയാം നിദ്രപോൽ
പ്രാണിക്കിന്നെടുജീവിതപ്പെരുവഴി-
ക്ലേശം കഴിച്ചെത്രയും
ക്ഷീണിക്കും ഹൃദയത്തെ മൂടിയൊടുവിൽ-
ച്ചേർക്കുന്നു സൗഖ്യം മൃതി

135

ജ്ഞാനം താൻ ക്ഷണവൃത്തി; ബുദ്ധിയിമവെ-
ട്ടെമ്പോളിടയ്ക്കാത്തമ:-
സ്ഥാനം കാണ്മതില്ലയാതവലയ-
ത്തോടൊത്ത വേഗത്തിനാൽ
നൂനം ഹാ! ക്ഷമൃത്യുവിങ്ങനുദിനം
നിദ്രാഖ്യമായ് ദീർഘമാ-
മൂനം വിട്ടു നീണ്ടനന്തരമിതാം
വിശ്രാന്തി ജന്തുക്കളിൽ.

136

ഈവണ്ണം ശരി! സൃഷ്ടിയും പ്രളയവും
കല്പിച്ചൊടുക്കം മഹാ-
കൈവല്യം വരുമെന്നു കാത്തിടുകയാ-
മോരാ പുരാവിത്തുകൾ;
ജീവന്നിങ്ങു ബഹുക്രിയാജടിലമാ-
മീ ദീർഘയാത്രാകഥ-
യ്ക്കാവശ്യം മൃതിയാം 'വിരാമ'തിലകം
സ്വാർത്ഥപ്രതീതിക്കുമേ.

137

കില്ലില്ലിമ്മൃതി ജീവിതത്തിനുമഹോ!

സൗഭഗ്യമേറ്റുന്നതാ-
ണല്ലില്ലെങ്കിലതീവ ഘോരതരമാ-
മോർക്കുമ്പോഴാർക്കും പകൽ
അല്ലിത്താർമണമാർന്നഹസ്സു നടമാ-
ടീടട്ടെ, രമ്യാഭമായ്
മല്ലിശ്രീപെടുമാമ്പൽ നീണ്ട മുടിയിൽ
ചൂടിശ്ശയിക്കും നിശ.

138

പാരം പ്രാകൃതപക്ഷിവർഗ്ഗമഖിലം
വാഴ്ത്താം ദിനത്തിൻ ഗുണം,
സ്വൈരം, രാത്രി, ഭവൽ പ്രശസ്തി മധുരം
പാടുന്നു രാപ്പാടികൾ;
ദൂരത്തുള്ള വികല്പമോർക്കുകിലടു-
ത്തോർക്കില്ല, രണ്ടും സ്വയം
സാർജ്ജനൻ പടു കോകിലോത്തമനുപ-
ശ്ലോകിപ്പു നിർഭേദമായ്.

139

മങ്ങാതോർക്കിൽ മൃതേ! പ്രവൃത്തിപരമാ-
ണിജ്ജീവിതം, മാറ്റിനാൽ
പൊങ്ങാനും മതി വിശ്രമപ്രവണമാം
പൗരസ്ത്യചിത്തത്തിൽ നീ
തങ്ങാമൊന്നയി! നിന്നിൽ മെച്ചമിനിയും
നിൻ കൂരിരുട്ടഞ്ചിയാ-
മിങ്ങാദ്ധ്യാത്മിക ദീപമാദിമുനിമാ-
രാവിഷ്ക്കരിച്ചുള്ളതും.

140

പോരും ഹാ! ധിഷണേ മഹാപുരുഷനെ-
ത്തേടിബ്ഭ്രൃശോന്മത്തയായ്-
ത്തീരുന്നെന്തിനു? "ശല്യ"വേദിനി, ശവം
ശോധിപ്പതെന്തിന്നു നീ?
തീരും നിൻ വ്യഥ കണ്ണുനീർ പൊഴിക,യി-
ങ്ങിശ്രാന്തപാന്ഥൻ സുഖം-
ചേരുമ്മട്ടിലുറങ്ങിടട്ടെ, സഭയം
കുമ്പിട്ടു മാറട്ടെ ഞാൻ.

141

ഓന്നോതാം തിരുമേനിയിങ്ങു മൃതിയെ-
ത്താൻ തന്നെ കർണ്ണാന്തികം
വന്നോതാതറികില്ലൊരാൾ അകലെനി-
ന്നുച്ചത്തിലോതില്ലവൾ,
ഇന്നോ ഞങ്ങളെ നോക്കിയമ്പിൽ വിവരം
ചൊല്ലാമുറക്കെബ്ഭവാ-
നെന്നോർത്തിങ്ങതിരുട്ടിൽ മൂകകഥയായ്
പോമെന്നു വെമ്പുന്നു ഞാൻ.

142

എല്ലാം പോകുക, കീഴടങ്ങുക വിധി-
ക്കിന്നിച്ചിതയ്ക്കപ്പുറ-
ത്തില്ലാതാകുക ജീവിതം;-മതി വിഭോ!
ത്വന്നാമപുണ്യാക്ഷരം;
ചൊല്ലാമായതു ഞങ്ങൾ നട്ടു മിഴിനീർ
തൂവിപ്പുലർത്തും, പടർ-
ന്നെല്ലാവർക്കുംകതേകിടും മലർമണം
കാലാഗ്നി ചെല്ലില്ലതിൽ.

143

ഹാ! കഷ്ടം ഗതിമുട്ടിനിന്നിവിടെയെ-
ന്തെല്ലാം പുലമ്പുന്നു ഞാൻ,
ശോകവ്യാകുലമായ ബുദ്ധി പതറി-
ച്ചെല്ലാമമാർഗ്ഗങ്ങളിൽ;
നീ കണ്ണഞ്ചിടുമാറു സൂര്യ! വിലസു-
ന്നുണ്ടാകുമെങ്ങാനുമീ-
ലോകത്തിന്നിരുളാണു ദേവ, വിരയാം
മിന്നാമിനുങ്ങിങ്ങതിൽ.

144

നക്ഷത്രങ്ങളെ നോക്കിയിപ്പുഴു പറ-
ന്നീടുന്നു മേല്പോട്ടതിൻ-
പക്ഷം ദുർബലമാണതോർത്തു ഭയവും
തോന്നുന്നു മേന്മേൽ വിഭോ!
രക്ഷയ്ക്കായതിനിന്നു നിൻകരുണയ-

ല്ലാതില്ല രാപ്പക്ഷിതൻ-
ദിക്ഷയ്ക്കാക്കൊല, നിൻപ്രകാശകണിക-
യ്ക്കാപത്തു ചേർത്തീടൊലാ.

145

വാനത്തിൽ തടവില്ല, ധർമ്മരഥമി-
ങ്ങോടിച്ചു ദാരാഭനായ്
നൂനം ഭാസ്കരനെത്തുമന്ധതമസം
നിൽക്കില്ലെയെക്കാലവും,
ഊനമിട്ട ഭയങ്ങൾതന്റെ നിഴലും
പോം ഹന്ത! മിന്നാമിനു-
ങ്ങാനന്ദാലയമാം മഹസ്സിൽ മറയും
നക്ഷത്രജാലത്തൊടും.

146

ദേഹാംശങ്ങളിലീയിരുട്ടുമൊളിയും
നാനാപ്രഭേദത്തൊടാ-
ന്നാർഹാ! ശാശ്വതധർമ്മശക്തി! ഭുവന-
പ്പന്താട്ടമാടുന്നു നീ
സ്നേഹാരാധകനെത്തലോടിയമൃതം
നൽകുന്നു നീ, പിന്നെ നിർ-
മ്മോഹാസംഗമഖണ്ഡവിശ്രമസുഖം
തേടുന്നു താനേയവൻ.

147

ആകാശങ്ങളെയണ്ഡരാശികളൊടും
ഭക്ഷിക്കുമാകാശമാ,-
യീ കാണുന്ന സഹസ്രരശ്മിയെയിരു-
ട്ടാക്കും പ്രഭാസാരമായ്,
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാ-
മേകാന്താദ്വയശാന്തിഭ്രുവിനു നമ-
സ്കാരം, നമസ്കാരമേ!

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA